**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1420** **28-07-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചി മെട്രോ റെയിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിൽ വികസനത്തിന്റെ ഇതുവരെയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പദ്ധതി ലാഭകരമായാണോ നടക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 2020 സെപ്റ്റംബറിൽ കൊച്ചി മെട്രോയുടെ പേട്ട വരെയുള്ള പാത പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തതോടു കൂടി പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചു. ഇതോടൊപ്പം പേട്ട തൃപ്പൂണിത്തുറ ദീർഘിപ്പിക്കലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരികയാണ്. പേട്ട S.N ജംഗ്ഷൻ വരെയുള്ള പാതയുടെ ഭൂമി ഏറ്റെടുക്കലും നിർമ്മാണവും ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 2022 ഡിസംബറിൽ പൂർത്തീകരിക്കുകയാണ് ലക്ഷ്യം. നഗര ഗതാഗതത്തിന്റെ വിവിധ സാദ്ധ്യതകൾ കൊച്ചി മെട്രോയ്ക്ക് അനുബന്ധമായി പ്രവൃത്തിപഥത്തിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആലുവ – പുളിഞ്ചോട് എടപ്പള്ളി ജംഗ്ഷൻ നവീകരണം, മെട്രോ സ്റ്റേഷൻ അനുബന്ധ നടപ്പാത നിർമ്മാണം, മീഡിയൻ സൗന്ദര്യവത്കരണം, പനമ്പള്ളി നഗർ നടപ്പാത, സൈക്കിൾ ട്രാക്ക്, നഗരത്തിൽ ആവശ്യമായ ഡ്രെയ്നേജുകൾ, തെരുവ് വിളക്ക് സ്ഥാപിക്കൽ എന്നിങ്ങനെ നഗരത്തിന്റെ സുസ്ഥിര ഗതാഗതത്തിന് ആവശ്യമായ മുന്നൊരുക്കങ്ങളും കൊച്ചി മെട്രോയുടെ ഭാഗമായി കഴിഞ്ഞു. സൗരോർജ്ജ ഉപയോഗത്തിന് മാതൃകാപരമായ പ്രവർത്തനമാണ് കൊച്ചി മെട്രോ നടത്തി വരുന്നത്. നിലവിൽ 7.28 MWP ശേഷിയുള്ള സൗരോർജ്ജ സംവിധാനം സ്ഥാപിച്ചു. ഇത് കൂടാതെ 3.54 MWP ശേഷിയുള്ള സൗരോർജ്ജ സംവിധാനം ഒരുക്കി വരികയാണ്. ഹരിത ഗതാഗതത്തിന് അടിത്തറ പാകുന്നതിനും കൊച്ചി മെട്രോയ്ക്ക് കഴിഞ്ഞു. മെട്രോ സ്റ്റേഷനേയും വിമാനത്താവളത്തിനേയും ബന്ധിപ്പിച്ചുള്ള ഇലക്ട്രിക് ബസ് സർവ്വീസും, യാത്രക്കാർക്ക് വൈദ്യുതി ഓട്ടോകൾ ഒരുക്കിയതും ഈ പദ്ധതിയുടെ ഭാഗമായാണ്. കൊച്ചി മെട്രോയുടെ ദൈനംദിന വരുമാനവും പ്രവർത്തന ചെലവും |

| | | | |
|---|---|---|---|
| | | | കോവിഡ് വ്യാപനത്തിന് മുമ്പ് തുല്യമായിരുന്നു (പലിശ തുക കണക്കാക്കാതെ). |
| (ബി) | തുടർ വികസനത്തിന്റെ ഭാഗമായി എറണാകുളം ജില്ലയെ തൃശ്ശൂർ ജില്ലയുമായി ബന്ധിപ്പിക്കുവാൻ പദ്ധതികളുണ്ടോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | എറണാകുളം ജില്ലാ ഭരണകൂടം സ്ഥിതി ചെയ്യുന്ന കാക്കനാട് വരെ മെട്രോ റെയിൽ നീട്ടുന്ന പ്രവൃത്തിയുടെ പുരോഗതിയെക്കുറിച്ച് വ്യക്തമാക്കാമോ; | (സി) | കാക്കനാട് വരെ മെട്രോ റെയിൽ നീട്ടുന്നതിന് വേണ്ടി കൊച്ചി മെട്രോ രണ്ടാം ഘട്ട വികസനം പ്രഖ്യാപിക്കുകയുണ്ടായി. കേന്ദ്ര കാബിനറ്റ് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | തൃപ്പൂണിത്തുറ ക്ഷേത്രനഗരി വരെ മെട്രോ റെയിൽ എത്തിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രമായ ഫോർട്ട് കൊച്ചിയിലേക്ക് മെട്രോ റെയിൽ നീട്ടുന്നതിനും ആലോചനയുണ്ടോ; വിശദമാക്കുമോ? | (ഡി) | കൊച്ചി മെട്രോ ഒന്നാം ഘട്ടം നീട്ടുന്നതിന്റെ ഭാഗമായി പേട്ട മുതൽ തൃപ്പൂണിത്തുറ വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ടൂറിസ്റ്റ് കേന്ദ്രമായ ഫോർട്ടു കൊച്ചിയിലേക്ക് മെട്രോ റെയിൽ നീട്ടുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ